LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരികളെ ആകർഷിക്കാൻ വേണ്ടി വിദേശങ്ങളിൽ നടത്തുന്ന പ്രചരണം

110 [267] ശ്രീ. ബി. വിജയകുമാർ:
" ഇ. എം. അഗസ്തി:
" സി. പി. മുഹമ്മദ്:
" എൻ. ശക്തൻ:
" വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി വിദേശങ്ങളിൽ എന്തെല്ലാം വിധത്തിലുള്ള പ്രചാരണങ്ങളാണ് നടത്തുന്നത്;

(ബി) പ്രസ്തുത പ്രചാരണം നടത്തുവാൻ ആരെയെല്ലാമാണ് ചുമതല യേൽപ്പിച്ചിട്ടുള്ളത്;

(സി) ഈ വർഷം ഇതുവരെ എന്തു തുക ഈ ഇനത്തിൽ ചെലവഴിച്ചിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിനോദ സഞ്ചാരവകുപ്പ് സംസ്ഥാനത്തേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി വിദേശത്തുവച്ച് നടത്തുന്ന ട്രാവൽ മാർട്ടുകളിൽ പങ്കെടുക്കു കയും അതുവഴി കേരളത്തിലെ വിനോദ സഞ്ചാര മേഖലയെക്കുറിച്ച് വിദേശികൾക്ക് വിശദാംശം നൽകുകയും, ലഘുലേഖകൾ വിതരണം നടത്തുകയും ചെയ്തുവരുന്നു. കൂടാതെ ചില വിദേശ ട്രാവൽ മാർട്ടുകളിൽ വിനോദസഞ്ചാര വകുപ്പ് തദ്ദേശത്തെ പ്രമുഖരായ ടൂർ ഓപ്പറേറ്റർമാരേയും ട്രാവൽ ഏജന്റുമാരേയും ക്ഷണിച്ച് അവർക്ക് കേരളത്തെക്കുറിച്ച് ഒരു അവബോധം വളർത്തുന്നതിനുവേണ്ടി 'റോഡ് ഷോ' സംഘ ടിപ്പിക്കാറുണ്ട്. പ്രമുഖ വിദേശ പത്രമാധ്യമങ്ങളിൽ വിനോദസഞ്ചാരവകുപ്പ് കേരള ത്തെക്കുറിച്ചുള്ള പരസ്യങ്ങൾ നൽകാറുണ്ട്. പ്രമുഖ ടെലിവിഷൻ ചാനലുകളിൽ വകുപ്പ് പ്രചാരണത്തിന്റെ ഭാഗമായി കേരളത്തിന്റെ മനോഹാരിത വെളിപ്പെടുത്തുന്ന ദൃശ്യങ്ങൾ പ്രദർശിപ്പിക്കാറുണ്ട്. കൂടാതെ ഇന്റർനെറ്റിലും വിനോദസഞ്ചാര വകുപ്പ് കേരളത്തെക്കുറിച്ചുള്ള പരസ്യം നൽകിയിട്ടുണ്ട്. അന്തർദേശീയ തലത്തിലുള്ള പ്രമുഖ മാധ്യമപ്രവർത്തകരെ കേരളത്തിലേക്ക് ക്ഷണിച്ചുവരുത്തി നമ്മുടെ കേരള ത്തെക്കുറിച്ചുള്ള ടൂറിസം പ്രാധാന്യം മനസ്സിലാക്കിച്ച്, അതുവഴിയുള്ള പ്രചരണവും നടത്തിവരുന്നു.

(ബി) വകുപ്പ് നേരിട്ടു തന്നെയാണ് പ്രചാരണ പരിപാടികൾ നടത്തുന്നത്. ചില അവസരങ്ങളിൽ കേന്ദ്ര സർക്കാരിന്റെ വിദേശത്തുള്ള വിനോദസഞ്ചാര ഓഫീസുകളുമായി സഹകരിച്ച് പ്രചാരണ പരിപാടികൾ നടത്താറുണ്ട്.

(സി) 2003-04 സാമ്പത്തിക വർഷത്തിൽ വിനോദസഞ്ചാരവകുപ്പ് നാളിതു വരെ ഏകദേശം 6,70,00,000 (ആറു കോടി എഴുപതു ലക്ഷം) രൂപയോളം പ്രചാരണത്തിനായി ചെലവാക്കിയിട്ടുണ്ട്.

വിനോദസഞ്ചാര വ്യവസായത്തിൽ നിന്നുള്ള വരുമാനം

111 [268] ശ്രീ. എം. പി. ഗംഗാധരൻ:
" എം. മുരളി:
" എം. എ. ചന്ദ്രശേഖരൻ:
" ജി. പ്രതാപവർമ്മ തമ്പാൻ:
" ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ വർഷത്തിൽ വിനോദസഞ്ചാര വ്യവസായത്തിൽനിന്ന് സംസ്ഥാനത്തിന് എത്ര വരുമാനമുണ്ടായിരുന്നതായി കണക്കാക്കപ്പെടുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെല്ലാം സെക്ടറുകൾക്ക് എത്ര തുകയുടെ വരുമാനമുണ്ടായതായി കണക്കാക്കപ്പെടുന്നു;

(സി) ഈ വർഷം വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) വിദേശ ടൂറിസ്റ്റുകളുടെ വരവിൽ ഈ വർഷം എന്തു വർദ്ധനയുണ്ടാകുമെന്ന് ആണ് കണക്കാക്കപ്പെടുന്നത്?

ഉത്തരം

(എ) മുൻ വർഷങ്ങളിൽ വിനോദസഞ്ചാര വ്യവസായത്തിൽ നിന്ന് സംസ്ഥാനത്തിനുണ്ടായ വരുമാനം താഴെ പറയുന്നു:

വർഷം	വിദേശ വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (രൂപ കോടിയിൽ)	തദ്ദേശ വിനോദസഞ്ചാരികളിൽ നിന്നുള്ള വരുമാനം (രൂപ കോടിയിൽ)
2000	525.3	2222.36
2001	535	2561.16
2002	705.67	3011.31

(ബി) സെക്ടറുകൾ തിരിച്ചുള്ള വരുമാനം കണക്കാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly